**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 301** **01-02-2023 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിൽ സഞ്ചരിക്കുന്ന റേഷൻ കട**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് ജില്ലയിൽ സഞ്ചരിക്കുന്ന റേഷൻ കട നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; | (എ) | ഉണ്ട്. മാനന്തവാടി താലൂക്കിലെ തവിഞ്ഞാൽ പഞ്ചായത്തിൽ കുഞ്ഞോം പ്രദേശത്തെ ചുരുളി, തിരുനെല്ലി പഞ്ചായത്തിൽ ബാവലി മീൻകൊല്ലി, വൈത്തിരി താലൂക്കിലെ മേപ്പാടി പഞ്ചായത്തിലെ അരണമല, പൊഴുതന പഞ്ചായത്തിലെ ഭൂദാനം എന്നീ ആദിവാസി കോളനികളിൽ 'സഞ്ചരിക്കുന്ന റേഷൻ കട' പ്രവർത്തിച്ചുവരുന്നു. വൈത്തിരി താലൂക്കിലെ പൊഴുതന പഞ്ചായത്തിലെ അമ്പ ഏഴാം നമ്പർ കോളനിയിലും മേപ്പാടി പഞ്ചായത്തിലെ ഗോവിന്ദൻപാറ കോളനിയിലും ടി പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടുതൽ ആദിവാസി ഊരുകളിലേയ്ക്ക് പദ്ധതി ആരംഭിക്കുന്നതിനുള്ള ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച്, ആയതിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ഈ പദ്ധതിയുടെ പ്രവർത്തനം നടക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |
| (സി) | വയനാട് ജില്ലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സഞ്ചരിക്കുന്ന റേഷൻ കടകൾ കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കുമോ? | (സി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ